"ഭരണഭാഷ-മാതൃഭാഷ"

വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

**KSHB Building**, ശാന്തി നഗർ, തിരുവനന്തപുരം-1.

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**

**(നിലവിൽ: സുനിൽ ജേക്കബ്)**

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം - ശ്രീ.ഗിരിഷ്.വി.ബി. ജൂനിയർ ഇൻസ്ട്രക്ടർ (എം.ആർ.എ.സി ട്രേഡ്) - ചാലക്കുടി ഐ.ടി.ഐ - സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്:-

പരാമർശം:-1) ശ്രീ.ഗിരീഷ്.വി.ബി യുടെ 10.02.2015 തീയതിയിലെ അപേക്ഷ.

2) എ2/2681/14 തീയതി 16.07.2014 ലെ ഉത്തരവ്.

**ഉത്തരവ് നമ്പർ: എ2/4315/2007 തീയതി: 18.2.2015**

പരാമർശം (2) ലെ ഉത്തരവ് പ്രകാരം പൊതുസ്ഥലംമാറ്റ സമയത്ത് കളമശ്ശേരി ഐ.ടി.ഐ യിൽ നിന്നും ശ്രീ.ഗിരീഷ്.വി.ബി (സീനിയർ ഇൻസ്ട്രക്ടർ എം.ആർ.ഐ.സി) യെ ചെങ്ങന്നൂർ ഐ.ടി.ഐ യിലേയ്ക്ക് സ്ഥലംമാറ്റിയിരുന്നു. സൂചന (1) പ്രകാരം ശ്രീ.ഗിരീഷ്.വി.ബി ടിയാന്റെ ശാരീരിക പരിമിതികൾ ചൂണ്ടിക്കാട്ടി നിലവിൽ ഒഴിവുള്ള ചാലക്കുടി ഐ.ടി.ഐ യിലോ, കളമശ്ശേരി ഐ.ടി.ഐ യിലോ നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. ചാലക്കുടി ഐ.ടി.ഐ യിൽ ഒരു തുറന്ന ഒഴിവ് എം.ആർ.എ.സി ട്രേഡിൽ നിലവിലുള്ള സാഹചര്യത്തിൽ ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം പുറപ്പെടുവിക്കുന്നു.

1) ചെങ്ങന്നൂർ ഐ.ടി.ഐ യിൽ എം.ആർ.എ.സി ട്രേഡിൽ സീനിയർ ഇൻസ്ട്രക്ടർ ആയി സേവനത്തിലുള്ള ശ്രീ.ഗിരീഷ്.വി.ബി യെ ടിയാന്റെ ശാരീരിക പരിമിതികളും അപേക്ഷയും പരിഗണിച്ച് ചാലക്കുടി ഐ.ടി.ഐ യിൽ എം.ആർ.എ.സി ട്രേഡിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

2) ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ടി ഉത്തരവ് നടപ്പാക്കി വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

3) അപേക്ഷപ്രകാരം സ്ഥലം മാറ്റപ്പെടുന്ന ഉദ്യോഗസ്ഥന് നിയമാനുസൃതമുള്ള യാത്രബത്ത, ദിനബത്ത, സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ

<u>സ്വീകർത്താവ്:</u>

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്
(സ്ഥാപനമേധാവി മുഖേന)

പകർപ്പ്:- 1. പ്രിൻസിപ്പാൾ
ഐ.ടി.ഐ ചെങ്ങന്നൂർ/ചാലക്കുടി
2. ഡിറ്റി/എ.ഡി.റ്റി/ജെ.ഡി.റ്റി/സിഎ
3. എസ്.എസ് (എ)
4. എസ്.എഫ് (എ2)
5. വകുപ്പ് വെബ്സൈറ്റ്

R/18/2/15

"ഭരണഭാഷ-മാതൃഭാഷ"

വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

**KSHB Building,** ശാന്തി നഗർ, തിരുവനന്തപുരം-1

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**

**(നിലവിൽ: സുനിൽ ജേക്കബ്)**

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം - ഇലക്ട്രീഷ്യൻ ട്രേഡിൽ - സ്ഥലംമാറ്റം - സംബന്ധിച്ച്:-

പരാമർശം:- ശ്രീ.കവിരാജ്, ജൂനിയർ ഇൻസ്ട്രക്ടറുടെ 11.6.2014 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ: എ2/17853/10(1) തീയതി: 18.2.2015**

കയ്യൂർ ഐ.ടി.ഐ യിൽ ഇലക്ട്രീഷ്യൻ ട്രേഡിൽ സേവനത്തിലിരിക്കുന്ന ശ്രീ.കവിരാജ്, ജൂനിയർ ഇൻസ്ട്രക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും പള്ളിക്കത്തോട് ഐ.ടി.ഐ യിൽ ഇപ്പോൾ തുറന്ന ഒഴിവ് നിലവിൽക്കുന്ന സാഹചര്യത്തിലും ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

കയ്യൂർ ഐ.ടി.ഐ യിൽ സേവനത്തിലിരിക്കുന്ന ശ്രീ.കവിരാജ്, ജൂനിയർ ഇൻസ്ട്രക്ടറെ പള്ളിക്കത്തോട് ഐ.ടി.ഐ യിലെ തുറന്ന ഒഴിവിലേയ്ക്ക് നിയമിച്ച്കൊണ്ട് ഉത്തരവാകുന്നു.

ടി ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യുന്ന തീയതിയും ഐ.ടി.ഐ യിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതിയും ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥന് യാത്രബത്ത, ദിനബത്ത സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് നിയമനാനുസൃതം അർഹതയുണ്ടായിരിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്:

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്

(സ്ഥാപനമേധാവി മുഖേന)

പകർപ്പ്:- 1. പ്രിൻസിപ്പാൾ
ഐ.ടി.ഐ കയ്യൂർ/പള്ളിക്കത്തോട്
2. ഡിറ്റി/എ.ഡി.റ്റി/ജെ.ഡി.റ്റി/സിഎ
3. എസ്.എസ് (എ)
4. എസ്.എഫ് (എ2)

R/18/2/15

5, വകുപ്പ് വെബ്സൈറ്റ്

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

KSHB Building,ശാന്തി നഗർ, തിരുവനന്തപുരം-1.

## ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

**(നിലവിൽ: സുനിൽ ജേക്കബ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം - എം.എം.വി ട്രേഡിൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നും ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ച് - ഉത്തരവാകുന്നു.

സൂചന:-
1) 29.11.1971 ലെ 408/71 പി.ഡി നമ്പരായ സർക്കാർ വിജ്ഞാപനം.
2) 24.4.2008 ലെ 19855/സി1/08 തൊഴിൽ നമ്പർ സർക്കാർ കത്ത്.
3) ജോയിന്റ് ഡയറക്ടറുടെ 11.8.2011 തീയതിയിലെ എ6/22440/11 നമ്പരായ ഉത്തരവ്

**ഉത്തരവ് നമ്പർ: എ2/19864/10 തീയതി: 16.02.2015**

പരാമർശം (1) ലെ സർക്കാർ വിജ്ഞാപന പ്രകാരം വ്യാവസായിക പരിശീലനവകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ 3:1 എന്ന അനുപാതത്തിൽ യഥാക്രമം പി.എസ്.സി മുഖാന്തിരവും വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റം മുഖാന്തിരവും നിയമനം നൽകി നികത്തേണ്ടതാണ്. മേൽപറഞ്ഞ അനുപാതം നിശ്ചയിക്കേണ്ടത് ആകെ അംഗബലത്തിൽ അഥവാ കേഡർ സ്ട്രെങ്ങതിൽ ആയിരിക്കണമെന്ന് പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശം പാലിച്ച്, എം.എം.വി ട്രേഡിലെ ഇൻസ്ട്രക്ടർമാരുടെ കേഡർ സ്ടെങ്ങ്ത് പരിശോധിച്ചതിൽ നിലവിലുള്ള ഒഴിവുകളിൽ ഒന്ന് (01) സ്ഥാനക്കയറ്റം മുഖേന നികത്തേണ്ടതാണെന്ന് കാണുന്നു. പരാമർശം (3) പ്രകാരമുള്ള വർക്ക്ഷോപ്പ് അറ്റൻഡർ ഗ്രഡേഷൻ ലിസ്റ്റ് പരിശോധിച്ചതിൽ ക്രമനമ്പർ 14 വരെയുള്ള വർക്ക്ഷോപ്പ് അറ്റൻഡർമാർക്ക് ജൂനിയർ ഇൻസ്ട്രക്ടറായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതിനാലും അടുത്ത സ്ഥാനക്കയറ്റം അനുവദിക്കേണ്ടത് ക്രമമമ്പർ 15 ആയി പേര് ചേർത്തിട്ടുള്ള ചുവടെ പേര് ചേർക്കുന്ന ഉദ്യോഗസ്ഥനാണെന്ന് കാണുന്നു.

| പേര്, തസ്തിക ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനം | യോഗ്യത | Date of Probation |
|---|---|---|
| ശ്രീ. പ്രവീൺകുമാർ.ഇ.ആർ, വർക്ക്ഷോപ്പ് അറ്റൻഡർ ഐ.ടി.ഐ പള്ളിക്കത്തോട് | SSLC, NTC in MMV | 15.02.2010 FN |

വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ പ്രബേഷൻ പൂർത്തിയാക്കിയിട്ടുള്ളതിനാലും ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥാനക്കയറ്റത്തിനാവശ്യമായ യോഗ്യതയുള്ളതിനാലും ശ്രീ.ഇ.ആർ.പ്രവീൺകുമാറിന് കേരള സംസ്ഥാന കീഴുദ്യോഗസ്ഥ സേവന വ്യവസ്ഥകളിലെ ചട്ടം 9 എ(1) അനുസരിച്ച് 13900–24040 രൂപ ശമ്പള നിരക്കിൽ എം.എം.വി ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകി ചെങ്ങന്നൂർ ഐ.ടി.ഐ യിലെ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. ടിയാനെ സേവനത്തിൽ പ്രവേശിക്കുന്ന തീയതി ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. ടി ഉദ്യോഗസ്ഥന് യാത്രബത്ത, ദിനബത്ത സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് നിയമാനുസൃതം അർഹതയുണ്ടായിരിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്

കോപ്പി:-
1. പ്രിൻസിപ്പാൾ ഐ.ടി.ഐ ചെങ്ങന്നൂർ / പരീക്ഷാഭവൻ
2. ഡി.റ്റി/എ.ഡി.റ്റി/ജെ.ഡി.റ്റി(സിഎ)
3. എസ്.എസ് (എ)
4. എസ്.എഫ് (എ2)
5. വകുപ്പ് വെബ്സൈറ്റ്

R/18/2/15

"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**
**KSHB Building, ശാന്തി നഗർ, തിരുവനന്തപുരം-1.**

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**
**(നിലവിൽ: സുനിൽ ജേക്കബ്)**

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം - ജൂനിയർ ഇൻസ്ട്രക്ടർ - പി.പി.ഒ ട്രേഡിൽ - സ്ഥലംമാറ്റി ഉത്തരവ് പുറപ്പെടുവി ക്കുന്നത് - സംബന്ധിച്ച്:-

പരാമർശം:- 1) ശ്രീമതി.സിന്ധു.എസ്.കെ യുടെ തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ: എ2/26658/14 തീയതി: 18.2.2015**

RIC(2) 5045/14/GW തീയതി 18.8.2014 -ൽ പി.എസ്.സി അഡ്വൈസ് ചെയ്ത് കളമശ്ശേരി ഐ.ടി.ഐ യിൽ ഇൻസ്ട്രക്ടറായി (പി.പി.ഒ ട്രേഡിൽ) ജോലി ചെയ്യുന്ന ശ്രീമതി.സിന്ധു.എസ്.കെ ചന്ദനത്തോപ്പ് ഐ.ടി.ഐ യിൽ സ്ഥലംമാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. ചന്ദനത്തോപ്പ് ഐ.ടി.ഐ യിലെ ശ്രീമതി.എം.കെ.സിന്ധു കളമശ്ശേരി ഐ.ടി.ഐ യിലേയ്ക്കും സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം പുറപ്പെടുവിക്കുന്നു.

1) കളമശ്ശേരി ഐ.ടി.ഐ യിൽ നിലവിൽ പ്ലാസ്റ്റിക് പ്രോസസ്സിംഗ് ഓപ്പറേറ്റർ ട്രേഡിൽ സേവനത്തിലിരിക്കുന്ന ശ്രീമതി.എസ്.കെ.സിന്ധു-വിനെ ചന്ദനത്തോപ്പ് ഐ.ടി.ഐ യിൽ പ്ലാസ്റ്റിക് പ്രോസസ്സിംഗ് ഓപ്പറേറ്റർ ട്രേഡിൽ നിയമിച്ച് ഉത്തരവാകുന്നു.

2) ചന്ദനത്തോപ്പ് ഐ.ടി.ഐ യിൽ നിലവിൽ പ്ലാസ്റ്റിക് പ്രോസസ്സിംഗ് ഓപ്പറേറ്റർ ട്രേഡിൽ സേവനത്തിലിരിക്കുന്ന സിന്ധു.എം.കെ യെ കളമശ്ശേരി ഐ.ടി.ഐ യിൽ ശ്രീമതി.സിന്ധു.എസ്.കെ യെ സ്ഥലംമാറ്റുന്ന ഒഴിവിൽ നിയമിച്ചും ഉത്തരവാകുന്നു.

3) ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ടി ഉത്തരവ് നടപ്പാക്കി വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

അപേക്ഷപ്രകാരം സ്ഥലംമാറ്റപ്പെടുന്ന ഉദ്യോഗസ്ഥന് നിയമാനുസൃതമുള്ള യാത്രബത്ത, ദിനബത്ത സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ

<u>സ്വീകർത്താവ്:</u>

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്

(സ്ഥാപനമേധാവി മുഖേന)

പകർപ്പ്:- 1. പ്രിൻസിപ്പാൾ
ഐ.ടി.ഐ കളമശ്ശേരി/ചന്ദനത്തോപ്പ്
2. ഡിറ്റി/എ.ഡി.റ്റി/ജെ.ഡി.റ്റി/സിഎ
3. എസ്.എസ് (എ)
4. എസ്.എഫ് (എ2)

R/18/2/15

5, വകുപ്പ് വെബ്സൈറ്റ്

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

KSHB Building ശാന്തി നഗർ, തിരുവനന്തപുരം-1

## ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ : സുനിൽ ജേക്കബ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് ജീവനക്കാര്യം - സ്ഥലംമാറ്റം നൽകുന്നത് -സംബന്ധിച്ച്

പരാമർശം:-
1) 25.07.07 തീയതിയിലെ എ2/11963/07 നമ്പരായ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ്.
2) 23.01.15 തീയതിയിലെ എ2/3838/15 നമ്പരായ ഉത്തരവ്
3) കണ്ണൂർ ഐ.ടി.ഐ.യിലെ സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.കെ.പി.പ്രേംജിത്തിന്റെ 23.01.15 തീയതിയിലെ അപേക്ഷ
4) ജി.ഒ(പി) നം.12/99/പി.&എ.ആർ.ഡി തീയതി, 29.5.1999.

## ഉത്തരവ് നമ്പർ എ3/3838/15 തീയതി: 13.02.15

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഫിറ്റർ ട്രേഡിൽ നിയമിതനായിരുന്ന ശ്രീ.കെ.പി.പ്രേംജിത്തിനെ സൂചന(1) ലെ ഉത്തരവ് പ്രകാരം കണ്ണൂർ ഐ.ടി.ഐ.യിൽ ഷീറ്റ് മെറ്റൽ വർക്കർ ട്രേഡിൽ ട്രേഡ് മാറ്റി നിയമിക്കുകയുണ്ടായി. സംസ്ഥാന പി.എസ്.സി യിലേയ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ ഭാഗമായി ടിയാൻ ആദ്യം നിയമിതനായ ഫിറ്റർ ട്രേഡിലേയ്ക്ക് മാറ്റി നിയമിക്കേണ്ടതുണ്ടായിരുന്നു. ഇതുപ്രകാരം ടിയാനെ ഫിറ്റർ ട്രേഡിൽ മാറ്റി സൂചന (2) പ്രകാരം നിയമിച്ച് ഉത്തരവായിരുന്നു. ആശ്രിതനിയമന പ്രകാരം നിയമിക്കപ്പെടുന്നയാൾക്ക് സ്വന്തം ജില്ലയിൽ മുൻഗണനാക്രമത്തിൽ പരിഗണിക്കണമെന്നുള്ള സൂചന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന ഉദ്യോഗസ്ഥൻ എന്ന നിലയിൽ ടിയാന്റെ അപേക്ഷപ്രകാരം താഴെപ്പറയുന്ന ഉത്തരവുകൾ ഉടൻ പ്രാബല്ല്യത്തിൽ വരത്തക്കവിധം പുറപ്പെടുവിക്കുന്നു.

(1) കണ്ണൂർ ഐ.ടി.ഐ.യിൽ ഫിറ്റർ ട്രേഡിൽ 25.06.1997 മുതൽ ഏറ്റവും കൂടുതൽ വർഷമായി സേവനത്തിലിരിക്കുന്ന സീനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ. എ.പി. നൗഷാദ് നെ ഏറ്റുമാനൂർ ഐ.ടി.ഐ.യിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

(2) ഏറ്റുമാനൂർ ഐ.ടി.ഐ.യിൽ ഫിറ്റർ ട്രേഡിൽ നിയമിച്ചിരുന്ന ശ്രീ.കെ.പി. പ്രേംജിത്തിനെ ശ്രീ.എ.പി. നൗഷാദിനു പകരമായി നിയമിച്ച് കണ്ണൂർ ഐ.ടി.ഐ.യിൽ നിലനിർത്തി ഉത്തരവാകുന്നു.

(3) ബന്ധപ്പെട്ട ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ടി ഉത്തരവ് നടപ്പാക്കി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

(4) സ്ഥലംമാറ്റപ്പെടുന്ന ഉദ്യോഗസ്ഥനെ നിലവിലുള്ള നിയമപ്രകാരം ദിനബത്ത, യാത്രബത്ത സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്

1) ശ്രീ.നൗഷാദ്.എ.പി.
2) ശ്രീ.പ്രേംജിത്ത്.കെ.പി

പകർപ്പ്:-
1. പ്രിൻസിപ്പാൾ, ഐ.ടി.ഐ., കണ്ണൂർ
2. ഡി.റ്റി./എ.ഡി.റ്റി/ജെ.ഡി.റ്റി
3. എസ്.എസ് (എ)
4. കരുതൽ ഫയൽ (എ2)
5. വകുപ്പ് വെബ്സൈറ്റ്
6. പ്രിൻസിപ്പാൾ, ഐ.ടി.ഐ കണ്ണൂർ

ആർ/